മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നമ്പർ (*121)

(ചോദ്യകർത്താക്കൾ സീറ്റിലില്ലാത്തതിനാൽ *121-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല)

**വയോമിത്രം പദ്ധതി**

2(*122) ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എച്ച്. സലാം:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിൽ പ്രായമുള്ള പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ, കൗൺസിലിങ്, പാലിയേറ്റീവ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിൽ വയോമിത്രം പദ്ധതി പ്രയോജനകരമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയോജനങ്ങളുടെ മാനസികോല്ലാസവും ആരോഗ്യവും ഉറപ്പാക്കുന്നതിനായി വയോമിത്രം പദ്ധതി വഴി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്രപേർക്ക്, എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുണ്ടായിരുന്ന വയോമിത്രം പദ്ധതിയോടൊപ്പം 2016-നുശേഷം പുതുതായി എന്തെല്ലാം അധിക സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നഗരസഭാ പരിധിയിലുള്ളതുപോലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ&ബി) സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് മാനസികോല്ലാസവും, ആരോഗ്യപരിരക്ഷയും അവരുടെ

സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2010-2011 വർഷം മുതൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി ആകെ 104 യൂണിറ്റുകളിൽ വളരെ വിജയകരമായാണ് പ്രവർത്തിച്ചുവരുന്നത്. പദ്ധതി പ്രകാരമുള്ള മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ, കൗൺസിലിങ്, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങൾ ഗുണഭോക്താവിന്റെ അടുത്തെത്തിക്കാൻ കഴിയുന്നുവെന്നതാണ് പ്രസ്തുത പദ്ധതിയുടെ സവിശേഷത. വയോജനങ്ങളെ ഏറെ അലട്ടുന്ന ജീവിതശൈലീ രോഗനിയന്ത്രണം, മരുന്നുകൾ, കൗൺസിലിങ്, പാലിയേറ്റീവ് സേവനം, ഹെൽപ് ഡസ്ക് സേവനം, വാതിൽപ്പടി സേവനം എന്നിവ പദ്ധതിയുടെ ഭാഗമായി നൽകിവരുന്നുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുന്ന ഉല്ലാസയാത്രകൾ, വിവിധ ദിനാചരണ

പരിപാടികൾ, വാർഡുതലത്തിൽ വയോജന ക്ലബ് രൂപീകരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഈ രീതിയിൽ, മേൽ പദ്ധതി വയോജനങ്ങൾക്ക് വളരെ ഗുണകരമായി കാണുകയും 2016-17 സാമ്പത്തിക വർഷം മുതൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഭരണസമിതികളുടെ ആവശ്യപ്രകാരം പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 2.91 ലക്ഷം പേർക്ക് ലഭിച്ചുവരുന്നു.

(സി) വയോമിത്രം പദ്ധതി സേവനങ്ങളിൽ വയോക്ലബുകൾ, ചിലയിടങ്ങളിൽ വയോജന പാർക്കുകൾ, കൗൺസിലിങ്, വാതിൽപ്പടി സേവനങ്ങൾ, കൂടുതൽ മാനസികോല്ലാസപ്രദമായ വിവിധ പരിപാടികൾ തുടങ്ങിയവകൂടി 2016-നുശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി ആകെ 104 വയോമിത്രം യൂണിറ്റുകൾ വളരെ വിജയകരമായാണ് പ്രവർത്തിച്ചുവരുന്നത്.

പ്രസ്തുത പദ്ധതി ബാക്കിയുള്ള 148 ബ്ലോക്ക് പഞ്ചായത്തുകളിൽക്കൂടി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഭാഗത്തിന്റെ പ്രശ്നമാണ് ഞങ്ങൾ ചോദ്യമായി ഉന്നയിക്കുന്നത്. ഈ പ്രതിപക്ഷം ഇത്തരത്തിൽ ഇത് തടസ്സപ്പെടുത്തുന്നത് ബോധപൂർവമാണ് എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. (....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ദയവായി ചോദ്യം ചോദിക്കു.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ 18 ശതമാനത്തിലധികം വരുന്ന വയോജനങ്ങളെ ചേർത്തുപിടിച്ച് ഒരു വയോസൗഹൃദ കേരളം സൃഷ്ടിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇന്ത്യയിലാദ്യമായി ഒരു വയോജന കമ്മീഷനടക്കം രൂപീകരിക്കപ്പെട്ടത് കേരളത്തിലാണ്, അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. വയോമിത്രം പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപയാണ് നാളിതുവരെ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയതെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതി എല്ലാ കോർപ്പറേഷൻ, മുനിസിപ്പൽ, ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലും വ്യാപിപ്പിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് വാതിൽപ്പടി സേവനങ്ങളും മെഡിക്കൽ അസിസ്റ്റൻസും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനവും മരുന്നുകളും ലഭ്യമാക്കുന്നുവെന്നുമാത്രമല്ല, വയോജന ക്ലബുകൾ, ചിലയിടങ്ങളിൽ വയോജന പാർക്കുകൾ തുടങ്ങിയ സേവനങ്ങളും അവർക്ക് നൽകിവരുന്നുണ്ട്. കൂടാതെ മാനസികോല്ലാസത്തിനുവേണ്ടിയുള്ള പദ്ധതികളും നടപ്പാക്കുന്നുണ്ട്. എത്ര ഗുണഭോക്താക്കളാണ് ഇതിലുള്ളത് എന്നതുസംബന്ധിച്ച കൃത്യമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. വിവിധ മുനിസിപ്പാലിറ്റികളിൽ പല അളവിലാണ് വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ അംഗങ്ങളായി ചേർന്നുകൊണ്ടിരിക്കുന്നത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വയോമിത്രം പദ്ധതി നഗരപ്രദേശങ്ങളിൽനിന്ന് കേരളത്തിലെ മറ്റ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, നിലവിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതിയുടെ ഗുണം ലഭ്യമല്ലെന്നുള്ളതുകൊണ്ട് ഈ സേവനം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനും ആ രീതിയിൽ കേരളത്തിലെ മുഴുവൻ വയോജനങ്ങൾക്കും ഈ സേവനം ലഭ്യമാക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, വയോജനക്ഷേമവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വി-കെയർ പദ്ധതി പ്രകാരം എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്; എത്ര രൂപയാണ് ചികിത്സാ ധനമായി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, വയോജനക്ഷേമവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇവിടെ

സൂചിപ്പിച്ച വയോജന കമ്മീഷൻ നിയമംമൂലംതന്നെ നിലവിൽ വന്നിരിക്കുകയാണ്. വയോമിത്രം പദ്ധതി എല്ലാ നഗരപ്രദേശങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലും വയോജനങ്ങൾക്കുവേണ്ട ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്തുവരുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകൾ 27 റവന്യൂ ഡിവിഷനുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ)-മാരുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ടി ട്രിബ്യൂണലുകൾക്കുവേണ്ട എല്ലാവിധ ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ടും നൽകുന്നത് സാമൂഹ്യനീതി വകുപ്പാണ്. ടെക്നിക്കൽ അസിസ്റ്റന്റുമാരുൾപ്പെടെ വകുപ്പിന്റെ ചെലവിലാണ് മെയിന്റനൻസ് ട്രിബ്യൂണലുകൾ നടന്നുവരുന്നത്. സായംപ്രഭ ഹോമുകളും മാതൃകാ സായംപ്രഭ പദ്ധതിയും പകൽവീടുകൾ എന്ന നിലയിൽ വയോജനങ്ങൾക്കായി നടപ്പാക്കിവരുന്ന പദ്ധതിയാണ്. പ്രതിസന്ധിയിലകപ്പെട്ടുപോകുന്ന, ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് ആവശ്യമായ എന്ത് സഹായവും ഏറ്റവും പെട്ടെന്ന് എത്തിക്കുന്നതിനുവേണ്ടി സാമൂഹ്യനീതി ഓഫീസർമാരിലൂടെ നടത്തുന്ന പദ്ധതിയാണ് 'വയോരക്ഷാ'

പദ്ധതി. പ്രതിസന്ധി ഘട്ടത്തിൽ മെഡിക്കൽ സേവനം, ആംബുലൻസ് സൗകര്യം, മരുന്നുകൾ, സുരക്ഷിതമായ പുനരധിവാസം എന്നിവ ഇതുവഴി ഉറപ്പാക്കുന്നുണ്ട്. അതുപോലെ വയോജന ഹോമുകളിലുള്ള അന്തേവാസികൾക്ക് ആയുർവേദവിധിപ്രകാരമുള്ള ചികിത്സാസൗകര്യമാണ് 'വയോ അമൃതം' പദ്ധതി. ഡിമെൻഷ്യാ ബാധിത വയോജനങ്ങൾക്കുള്ള സഹായം നൽകുന്ന മെമ്മറി ക്ലിനിക്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന പദ്ധതിയാണ് 'ഓർമ്മതോണി' പദ്ധതി. ആർ.ആർ.ടി. (റാപിഡ് റെസ്പോൺസ് ടീം)-യെ ഇതുമായി ബന്ധപ്പെട്ട് ഏറ്റവും പെട്ടെന്ന് രൂപീകരിച്ച് പരിശീലനം നൽകിയിരിക്കുകയാണ്. അതുപോലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന elderly helpline വയോജന മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. 'സല്ലാപം' എന്ന പേരിൽ phone a friend എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇവിടെ രണ്ടാമത്തെ ചോദ്യം, വി-കെയർ പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നുള്ളതാണ്. 604 ഗുണഭോക്താക്കൾക്കായി 15.51 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് ചികിത്സാ സഹായമായി വി-കെയർ പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എച്ച്. സലാം: സർ, വയോജന നയം രൂപീകരിച്ച് വയോജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ കഴിയുന്ന നിയമനിർമ്മാണമുൾപ്പെടെ യാഥാർത്ഥ്യമാക്കിയ വകുപ്പിനെയും സർക്കാരിനെയും അഭിനന്ദിക്കുകയാണ്. 'ആശ്വാസകിരണം' പദ്ധതി എത്രപേർക്കാണ് വർധിപ്പിച്ച് നൽകുന്നത്; ഈ പദ്ധതി വിപുലപ്പെടുത്താനും അതിന്റെ തുക വർധിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, 'ആശ്വാസകിരണം' പദ്ധതി പ്രകാരം പ്രതിമാസം 600 രൂപയാണ് നേരത്തെ വിതരണം ചെയ്തിരുന്നത്. അത് 1000 രൂപയായി വർധിപ്പിക്കുമെന്ന് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നിരന്തരമായ ആവശ്യപ്രകാരമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 600 രൂപയിൽനിന്ന് 1000 രൂപയായി വർധിപ്പിച്ചത്. തീവ്ര ഭിന്നശേഷിയുള്ളവരും ശയ്യാവലംബരായിട്ടുമുള്ള വ്യക്തികളെ പരിചരിക്കുന്നതിനുവേണ്ടി നൽകിവരുന്ന ധനസഹായമാണ് ആശ്വാസകിരണം. ഇതിനായി 100 കോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

ഇതുകൂടാതെ 22000 പുതിയ ഗുണഭോക്താക്കളെയാണ് പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ. എ. പ്രഭാകരൻ: സർ, മക്കളും ബന്ധുക്കളും ഉപേക്ഷിച്ച് ഒറ്റപ്പെട്ടുപോയ വയോജനങ്ങളുടെ മാനസിക സംഘർഷം ഒഴിവാക്കാനും മാനസികോല്ലാസം ഉണ്ടാക്കുന്നതിനുമുള്ള എന്തെങ്കിലും പുതിയ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച 'സല്ലാപം' പദ്ധതി ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് യുവതലമുറയിലുള്ളവരോട് സംവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ്. Inter generational tie അതായത് തലമുറകൾക്കിടയിലുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് ഒഴിവുവേളകളിലും യുവജനങ്ങളുമായോ മറ്റുള്ള സുഹൃത്തുക്കളുമായോ ഫോണിലൂടെ സംവദിക്കാനുള്ള phone a friend സൗകര്യമാണ് സല്ലാപം പദ്ധതിയിലൂടെ ഒരുക്കിയിട്ടുള്ളത്. അതുപോലെ 'വയോമിത്രം' പദ്ധതിയിലൂടെ വയോമിത്രം ക്ലബുകൾ മാനസികോല്ലാസത്തിന് സഹായകരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്നുണ്ട്. അതോടൊപ്പം

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വയോജന പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വയോജന ക്ലബ്ബുകളിലൂടെ ടൂർ കൊണ്ടുപോകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പല നഗരസഭകളിലും ഇതിനകംതന്നെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. വയോജനങ്ങൾക്കായി വയോ സൗഹൃദ മേളകൾ, വയോജന സംഗമങ്ങൾ എന്നിവ പലയിടങ്ങളിലും സാമൂഹ്യനീതി വകുപ്പിന്റെ പിന്തുണയോടുകൂടി നടപ്പാക്കുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് പറയാനുള്ളത്, വളരെ പ്രധാനപ്പെട്ടൊരു ചോദ്യത്തിന്റെ ഉത്തരമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. പ്രതിപക്ഷാംഗങ്ങൾകൂടി അറിയേണ്ട ഉത്തരമായിരുന്നു അത്. (...ബഹളം....)

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

(*123) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ എവിടെയും ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കേരളീയരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എപ്പോഴാണ് ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിലും ഇന്ത്യയിലെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനായി പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) ഉണ്ട്. കേരളത്തിൽ ആദ്യമായാണ് "ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്" എന്ന സ്കോളർഷിപ്പ് ആരംഭിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി "ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്" എന്ന പദ്ധതി

ആവിഷ്ക്കരിച്ചിട്ടുണ്ട്. "ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്' എന്ന പദ്ധതിക്ക് 2225-04-277-85-12 (പ്ലാൻ) ശീർഷകത്തിൽനിന്നും 600 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി 31-10-2025-ലെ സ.ഉ.(സാധാ) 4732/2025/GAD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠന കാലയളവിൽ (5 വർഷം) പ്രതിവർഷം 2,40,000/- രൂപ നിരക്കിൽ 3 ഗഡുക്കളായി (5 വർഷം കോഴ്സ് കാലയളവിൽ ഏതെങ്കിലും മൂന്ന് വർഷം) 7,20,000/- രൂപ അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സ്കോളർഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗരേഖ തയ്യാറാക്കിയിട്ടുള്ളതും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അർഹരായ അപേക്ഷകർക്ക് 2026 ഫെബ്രുവരി ആദ്യവാരത്തോടുകൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ ബിരുദ-ബിരുദാനന്തര-

പി.എച്ച്ഡി. കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിദേശപഠന സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. വിദേശ സർവകലാശാലകളിൽ പഠനത്തിനായി വിദ്യാർഥികൾ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽനിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ അടിസ്ഥാനത്തിൽ 5,00,000/-രൂപ സ്കോളർഷിപ്പായി അനുവദിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് 2225-04-277-91-12 (പ്ലാൻ) ശീർഷകത്തിൽ 170 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ 21 വിദ്യാർഥികൾക്കായി 105 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT/IIM/IIsc/IMsc എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്ക് IIT/IIM/IIsc/IMsc സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. പ്രസ്തുത സ്കീം മുഖേന 50,000/- രൂപ സ്കോളർഷിപ്പായി നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് 2225-04-277-96-12 (പ്ലാൻ) ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ 33

വിദ്യാർഥികൾക്കായി 16.50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നാക്കാവസ്ഥയും ക്ഷേമവും സംബന്ധിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ശക്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. .......(ബഹളം)....... നമ്മുടെ രാജ്യത്തിലെ സംസ്ഥാന ഗവൺമെന്റുകളിൽ ഏറ്റവും ശക്തമായ നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനങ്ങൾക്ക് അതീവപ്രാധാന്യമാണ് സർക്കാർ നൽകുന്നത്. ഇത്തരത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്കായി നൈപുണ്യ പരിശീലന പദ്ധതികൾ ഏതെല്ലാമാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായി മികച്ച തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അസാപ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവ മുഖേന ഈ

പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. നൈപുണ്യ പരിശീലന പദ്ധതികൾക്കായി പ്രത്യേകം സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഉന്നത സാങ്കേതിക പരിശീലനം നൽകുന്നതിനായി പന്ത്രണ്ട് മാസം ദൈർഘ്യമുള്ള Post Graduate Diploma in Web and Blockchain Technologies, Post Graduate Diploma in Data Intelligence എന്നീ കോഴ്സുകൾക്ക് പരിശീലനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട് കോഴ്സുകൾക്കായി 90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

.......(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, യെസ്.... യെസ്..... അങ്ങ് സംസാരിക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ..... (മൈക്ക് ഓഫ്)....

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ന്യൂനപക്ഷ വിദ്യാർഥികളുടെ നൈപുണ്യ വികസനവും ആധുനിക സാങ്കേതിക മേഖലകളിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതുമാണ് ടി പദ്ധതിയുടെ മുഖ്യലക്ഷ്യം. ഓരോ കോഴ്സിലും മുപ്പത് വിദ്യാർഥികൾക്കുവീതം പ്രവേശനം നൽകും. ഒരു വിദ്യാർഥിക്ക് 15,00,000/- രൂപയാണ് പരിശീലന ചെലവ്. പ്രസ്തുത കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുകയും 102 ഉദ്യോഗാർഥികൾ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2026 ജനവരി 13, 14, 16 തീയതികളിൽ ഓൺലൈൻ ഇന്റർവ്യൂ നടത്തുകയും അതിൽ 36 വിദ്യാർഥികൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായാണ് വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്. വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി സർട്ടിഫിക്കറ്റ്

പരിശോധന 2026 ഫെബ്രുവരി ആദ്യവാരം നടത്തുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഈ സർക്കാരിന്റെ കാലയളവിൽ ന്യൂനപക്ഷ ക്ഷേമത്തിന് ക്രമാനുഗതമായ ബജറ്റ് വർധനവാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇപ്രാവശ്യത്തെ ബജറ്റിൽ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനുള്ള പണം അധികമായി വകയിരുത്തിയിട്ടുണ്ട്. ന്യൂനപക്ഷത്തിനായി വകയിരുത്തുന്ന തുകയിൽ ഭൂരിഭാഗവും വിവിധങ്ങളായ സ്കോളർഷിപ്പുകൾക്കാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. സമീപകാലത്ത് കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് പകരം ഈ സർക്കാർ നടപ്പാക്കിയ 'മാർഗദീപം' സ്കോളർഷിപ്പ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എത്ര വിദ്യാർഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നുള്ള വിവരവും വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2022-23

സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കായി 'മാർഗദീപം' എന്ന പേരിൽ പുതിയൊരു സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ അനുവദിക്കുകയും 121667 വിദ്യാർഥികൾക്കായി 18.25 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 20 കോടി രൂപ ബജറ്റ് വിഹിതമായി ലഭിക്കുകയും ടി പദ്ധതിയിലൂടെ 125649 വിദ്യാർഥികൾക്കായി 18,84,000/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അർഹരായിട്ടുള്ള കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്ന തരത്തിൽ 2026-27 സാമ്പത്തിക വർഷം 'മാർഗദീപം' സ്കോളർഷിപ്പിനായുള്ള തുക 22 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായാണ് ഈ സർക്കാർ നിലകൊള്ളുന്നത്.

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതനുസരിച്ച് (<u>ശ്രീ. എൻ. കെ.</u>

അക്ബർ): സർ, കണ്ണൂരിൽ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കണ്ണൂരിലെ പുതിയ ഹജ്ജ് ഹൗസിന്റെ പ്രവർത്തനം ഈ ഹജ്ജ് സീസണിൽ ആരംഭിക്കണമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. പക്ഷെ ഭൂമി തരപ്പെടുത്തിയെടുക്കൽ, പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ നടപടികളിൽ ചെറിയ കാലതാമസം വന്നതിന്റെ അടിസ്ഥാനത്തിൽ എയർപോർട്ടിന് ചേർന്ന് കിടക്കുന്ന കീഴല്ലൂർ വില്ലേജിലെ ഒരേക്കർ ഭൂമിയാണ് ഹജ്ജ് ഹൗസിനായി അനുവദിച്ചത്. നിർമ്മാണത്തിനുള്ള പെർമിറ്റ് സാങ്ഷൻ ലഭ്യമാക്കുകയും അപ്രകാരം നിർമ്മാണത്തിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങളായ മണ്ണ് പരിശോധന, പ്ലാൻ തയ്യാറാക്കൽ എന്നിവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. ഈ ഭൂമി അടിയന്തരമായി തരപ്പെടുത്തി 38 കോടി രൂപ ചെലവിലാണ് ഹജ്ജ് ഹൗസ് നിർമ്മിക്കാൻ ആഗ്രഹിക്കുന്നത്. ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷം സർക്കാർ 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ

ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കായി സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹ മോചനം നേടിയവർ, വിവാഹക്ഷമതയില്ലാത്ത സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവർ പലവിധ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നവരാണ്. സ്ഥിരമായ വരുമാന മാർഗങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെ ദാരിദ്ര്യത്തിൽ കഴിയുന്ന സ്ത്രീകളുടെ സാമൂഹിക സുരക്ഷയും അതോടൊപ്പം അവരുടെ ജീവിത പശ്ചാത്തലം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തിക പിന്തുണ നൽകുന്നതിനുള്ള പദ്ധതികളാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ അഞ്ചൂറ് സ്ത്രീകളെയാണ്

പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. സർക്കാർ ഉത്തരവുപ്രകാരം തൊഴിൽ പദ്ധതിക്ക് അനുവദിച്ച തുക കൃത്യമായി നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാൻ സാധിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഏറ്റവും സുതാര്യമായ രീതിയിലാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. ഏറ്റവും പുതിയ ആഡിറ്റ് റിപ്പോർട്ടുപ്രകാരം കോർപ്പറേഷൻ ഏകദേശം 5 കോടി രൂപ ലാഭത്തിൽ പ്രവർത്തിക്കുന്നതായി അറിയാൻ സാധിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ശാഖകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

അതിന്റെ ആദ്യഘട്ടമായി കോട്ടയത്തും ആലപ്പുഴയിലും പുതിയ റീജിയണൽ ഓഫീസുകൾ സജ്ജമായിക്കിയിട്ടുണ്ട്. ഈ ആസ്ഥാനങ്ങളുടെ ഉദ്ഘാടനച്ചടങ്ങുകൾ ഫെബ്രുവരി മാസത്തിൽ നടക്കാൻപോകുകയാണ്. അതിനായി സ്റ്റാഫുകളുടെ റിക്രൂട്ട്മെന്റ് ഓഫീസിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം അവസാനം തന്നെ ശാഖകളുടെ പ്രവർത്തനം ആരംഭിക്കും. കോർപ്പറേഷന്റെ വിവിധ സ്കീമുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൂടുതലായി എത്തിക്കാൻ ഇത്തരം നടപടികളിലൂടെ സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതിയ സ്കീമുകളിൽ ലാപ്ടോപ്പ് വായ്പ, വിധവകൾക്കുള്ള സ്വയംതൊഴിൽ വായ്പ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, തിരിച്ചടവ് മുടങ്ങിക്കിടക്കുന്ന ലോണുകൾക്ക് പ്രത്യേകമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അദാലത്ത് എന്നിവയും നടത്തിവരുന്നു. കോർപ്പറേഷന്റെ അംഗീകൃത ഓഹരിമൂലധനം 50 കോടി രൂപയായിരുന്നത് 100 കോടി രൂപയായി സർക്കാർ വർധിപ്പിച്ചിട്ടുണ്ട്. 2016 മുതൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 4924 ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഏകദേശം 2

കോടി രൂപയിലധികം പുതിയ കിട്ടാക്കടങ്ങൾ പിരിച്ചെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പല സ്കോളർഷിപ്പുകളും കേന്ദ്ര സർക്കാർ സമീപകാലത്തായി ഒഴിവാക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ അവ ഏറ്റെടുത്ത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ തുടക്കത്തിൽ സൂചിപ്പിച്ച കാര്യമാണിത്. കേന്ദ്ര സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിഹിതം ഏറ്റവും കൂടുതൽ വെട്ടിക്കുറച്ച ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. നിലവിൽ 300 കോടി രൂപയിലധികം ധനസഹായം ഉണ്ടായിരുന്നത് ഇപ്പോൾ ഏകദേശം 66 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്' എന്ന പേരിൽ ഒരു വിദ്യാർത്ഥിക്ക് അഞ്ചുവർഷം കോഴ്സ് പഠിക്കുന്നതിന് 7,40,000/-

രൂപയെങ്കിലും ലഭിക്കുന്ന രീതിയിലുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 'മാർഗദീപം' സ്കോളർഷിപ്പ് പദ്ധതിയിലൂടെ 1,25,000-ത്തിലധികം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈവർഷവും അതിനുവേണ്ടുന്ന പണം കൂടുതലായി നീക്കിവയ്ക്കുകയും അത് കൂടുതൽ കുട്ടികളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. അതോടൊപ്പം ഐ.ടി.ഐ., ഐ.ഐ.റ്റി. തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് തുക മികച്ച രീതിയിൽ നൽകിവരുന്നുണ്ട്. ഒരു വർഷം 50,000/- രൂപയെങ്കിലും നൽകുന്ന രീതിയിലാണ് ആ പദ്ധതി വിഭാവന ചെയ്യുന്നത്. വ്യത്യസ്തങ്ങളായുള്ള പദ്ധതിയിലൂടെ കേരളത്തിലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് അവരുടെ പഠനവും ഭാവിയിൽ അവർക്ക് ജോലി കണ്ടെത്താനുള്ള നടപടികളും എല്ലാംതന്നെ സുതാര്യമായി നടപ്പിലാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ള സന്തോഷംകൂടി രേഖപ്പെടുത്തുകയാണ്.

## പൊതുഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങൾ

(*124)<u>ശ്രീ. ഐ. ബി. സതീഷ്</u>:

<u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീമതി ഒ എസ് അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. പുതുതായി എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും അവയിൽ എത്ര ഇലക്ട്രിക് ബസ്സുകളുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഡീസൽ-ഇലക്ട്രിക് ബസ്സുകളുടെ വിലയും ആവർത്തന ചെലവും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾക്കനുസൃതമായി കെ.എസ്.ആർ.ടി.സി. സർവീസുകളെ ഏതെല്ലാം വ്യത്യസ്തതകളോടും പുതുമകളോടും കൂടി പുനരാവിഷ്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) കെ.എസ്.ആർ.ടി.സി. പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായും ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായും വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്</u>

സ.ഉ.(കൈ) നം. 58/2021/TRANS തീയതി 11-12-2021 ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസ് കാര്യക്ഷമമായി നടത്തുന്നതിന്, കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമായ അടിസ്ഥാനസൗകര്യം, സാങ്കേതിക, മാനേജീരിയൽ, പ്രവർത്തന പിന്തുണ എന്നിവ നൽകുന്നതിനും KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും സംസ്ഥാന, കേന്ദ്ര

സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ തുടങ്ങിയവ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കുവേണ്ടി KSRTC-SWIFT എന്ന കമ്പനി 09-11-2021-ന് രൂപീകരിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾ വാങ്ങുകയും ടി ബസുകൾ ഉപയോഗിച്ച് 11-04-2022 മുതൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തി വരുന്നു. നിലവിൽ 165 ഇലക്ട്രിക് ബസ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ സർവീസ് നടത്തിവരുന്നു.

<u>പുതിയ സർവീസുകൾ / ബസ്സുകൾ</u>

- സിറ്റി സർക്കുലർ
- സിറ്റി ഷട്ടിൽ
- സിറ്റി റേഡിയൽ
- ബൈപ്പാസ് റൈഡർ
- എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ്
- ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP)

- ഗരുഡ പ്രീമിയം എ.സി.
- എ.സി. സൂപ്പർ ഫാസ്റ്റ്
- ഗരുഡ വോൾവോ മൾട്ടി ആക്സിൽ
- ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ
- എ.സി. സീറ്റർ
- എ.സി. സ്ലീപ്പർ
- എ.സി. സീറ്റർ കം സ്ലീപ്പർ
- സൂപ്പർ ഫാസ്റ്റ് പ്രീമിയം
- ഗ്രാമീണ മിനി ഓർഡിനറി
- ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ്

മേൽ പറഞ്ഞ പുതിയതരം ബസ്സുകളുടെ ലോഞ്ചിങ്, പുതിയ സർവീസ് ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പദ്ധതികളും ജീവനക്കാരുടെ പങ്കാളിത്തത്തോടെ 'ട്രാൻസ്പോ' പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ചതും ജീവനക്കാരിൽ പുത്തനുണർവും പൊതുജനങ്ങൾ കെ.എസ്.ആർ.ടി.സി.-യിലേക്ക് ആകർഷിക്കപ്പെടുന്നതിനും വരുമാന വർധനവിനും കാരണമായി.

കെ.എസ്.ആർ.ടി.സി.-യിലെ സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനം അടക്കം ഏർപ്പെടുത്തിയും സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളിൽ മതിയായ ജീവനക്കാരെ പുനർവിന്യസിച്ചും പ്രധാന അഗ്രിഗേറ്റ്സുകളായ എഞ്ചിൻ, ഗിയർ ബോക്സ് എന്നിവയുടെ പ്രതിമാസ പ്രൊഡക്ഷൻ യഥാക്രമം ശരാശരി 117, 275 ആയി വർദ്ധിപ്പിച്ച് ഓഫ്റോഡ് ബസ്സുകളുടെ എണ്ണം ശരാശരി 500-നും 550-നും ഇടയിൽ നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ സർവീസിന് ഉപയോഗിച്ചുവരുന്ന സൂപ്പർ ക്ലാസ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ അറ്റകുറ്റപ്പണികളും നടത്തി റീഫർബിഷിംഗ് പൂർത്തീകരിച്ച് 27-01-2026-ൽ 125 ബസ്സുകളും ബജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേക്ക് 29 ബസ്സുകളും റീഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-യിലെ പുതിയ ബസ്സുകൾ</u>:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ട പൊതുഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി അത്യാധുനിക ശ്രേണിയിൽപ്പെട്ട Luxury Sleeper ബസ്സുകളടക്കം 808 ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്നതിനു പർച്ചേസ് ഓർഡർ നൽകുകയും ആയതിൽ 687 ബസ്സുകൾ ലഭ്യമാകുകയും പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിലും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡിലുമായി സർവീസ് നടത്തിവരികയും ചെയ്യുന്നു. (പട്ടിക അനുബന്ധം ആയി ചേർക്കുന്നു.)[1]

കോർപ്പറേഷനിൽ നഷ്ടത്തിലുണ്ടായിരുന്ന റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകളെ ഇത്തരം

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമീകരണങ്ങളിൽനിന്നും പൂർണ്ണമായും ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഉപകാരമല്ലാത്തതും വരുമാന ലഭ്യതയില്ലാത്തതുമായ ഡെഡ് കിലോമീറ്റർ ഓപ്പറേഷൻ കുറയ്ക്കുന്നതിനും അതിന് പകരം വരുമാന ലഭ്യതയുള്ളതും ജനോപകാരപ്രദവുമായ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്ത് വരുമാനം വർധിപ്പിക്കുന്നതിനും സാധിച്ചു.

<u>കളക്ഷൻ വർധനവ്</u>

- 05-01-2026-ൽ, കെ.എസ്.ആർ.ടി.സി. ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിദിന ടിക്കറ്റ് വരുമാനമായ 12.18 കോടി രൂപ നേടി. 4952 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 27.39 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

<u>Non Op. Revenue 83.49 Lakh, Total = 13.01 Cr.</u>

- 12-01-2026-ൽ, കെ.എസ്.ആർ.ടി.സി. ചരിത്രത്തിലെ രണ്ടാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനമായ 10.89 കോടി രൂപയും നേടിയിട്ടുണ്ട്. 4944 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 26.54 ലക്ഷം

യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

Non Op. Revenue 81.55 Lakh, Total = 11.07 Cr.

•15-12-2025-ൽ, കെ.എസ്.ആർ.ടി.സി. ചരിത്രത്തിലെ മൂന്നാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനമായ 10.77 കോടി രൂപയും നേടിയിട്ടുണ്ട്. 5028 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 26.28 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

•08-09-2025-ൽ, കെ.എസ്.ആർ.ടി.സി. ചരിത്രത്തിലെ നാലാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനമായ 10.19 കോടി രൂപയും നേടിയിട്ടുണ്ട്. 4609 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 24.94 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

വരുമാന താരതമ്യം - 2023 മുതൽ 2026 വരെ

•2023-ൽ ശരാശരി പ്രതിദിന ടിക്കറ്റ് വരുമാനം 6.69 കോടി രൂപയും 2024-ൽ ശരാശരി 6.80 കോടി രൂപയും ആയിരുന്നത് 2025-ൽ ശരാശരി 7.06 കോടി രൂപയായും 2026-ൽ (31-01-2026 വരെ) ശരാശരി 8.25 കോടി രൂപയായും വർധിച്ചു. 2023-മായി താരതമ്യം

ചെയ്യുമ്പോൾ 2025-ൽ ഒരേ ടിക്കറ്റ് നിരക്കിൽ പ്രതിദിനം ശരാശരി 37 ലക്ഷം രൂപയുടെ വർധനവും 2026-ൽ (31-01-2026 വരെ) പ്രതിദിനം ശരാശരി 1.56 കോടി രൂപയുടെ വർധനവും ഉണ്ടായിട്ടുണ്ട്.

യാത്രക്കാരുടെ എണ്ണം

•പ്രതിദിന യാത്രക്കാരുടെ എണ്ണം 2023-ൽ ശരാശരി 19.35 ലക്ഷവും 2024-ൽ ശരാശരി 19.84 ലക്ഷവും ഉണ്ടായിരുന്നത് 2025-ൽ ശരാശരി 20.27 ലക്ഷമായും 2026-ൽ (31-01-2026 വരെ) ശരാശരി 22.18 ലക്ഷമായും വർധിച്ചു.

ഓപ്പറേറ്റഡ് കിലോമീറ്റർ

•പ്രതിദിന ശരാശരി ഓപ്പറേറ്റഡ് കിലോമീറ്റർ 2021-ൽ 7.93 ലക്ഷവും 2022-ൽ 11.79 ലക്ഷവും 2023-ൽ 13.87 ലക്ഷവും 2024-ൽ 14.02 ലക്ഷവും 2025-ൽ 13.86 ലക്ഷവും 2026 (31.01.2026 വരെ) 14.78 ലക്ഷമായും വർധിച്ചു.

ഉൾപ്രദേശങ്ങളിലേക്ക് സർവീസ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 'ഗ്രാമവണ്ടി' എന്ന

പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചു.

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്കായി പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റികളിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് 'സമുദ്ര' സർവീസ് ആരംഭിച്ചു.

2025-26 വർഷത്തെ ശബരിമല മകരവിളക്ക് മഹോത്സവത്തിനായി ചരിത്രത്തിലാദ്യമായി 1000 ബസ്സുകൾ ക്രമീകരിക്കുകയും യാതൊരു പരാതിയുമില്ലാതെ ആവശ്യമായ ബസുകൾ നൽകി വിജയകരമായി സ്പെഷ്യൽ സർവീസ് നടത്തുകയും ചെയ്തു. കൂടാതെ പമ്പയിലും നിലയ്ക്കലും സ്മാർട്ട് ബസ് സ്റ്റോപ്പുകളും പമ്പ ബസ് സ്റ്റേഷനിൽ തീർത്ഥാടകർക്കായി ക്ലോക്ക് റൂമും ക്രമീകരിച്ചു. നല്ല രീതിയിൽ ശബരിമല മണ്ഡല-മകരവിളക്ക് ഓപ്പറേഷൻ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റ് ഡിജിറ്റലൈസേഷന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിൽ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ

•ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.

•ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.

•ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.

•സ്മാർട്ട് ട്രാവൽ കാർഡ്.

•റെന്റൽ മാനേജ്മെന്റ് സിസ്റ്റം.

•കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.

•കസ്റ്റമർ കെയർ പോർട്ടൽ.

•കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.

•Passenger Information System - PIS മാലിന്യ സംസ്കരണ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.

•ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC).

•AI-പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം.

•ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ്ഫോം.

ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.

വിദ്യാർഥികൾക്ക് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. www.concessionksrtc.com എന്ന വെബ്സൈറ്റിന്റെ

ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക്, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. നിലവിൽ ഉപയോഗിച്ചുവരുന്ന പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകൾ ആർ.എഫ്.ഐ.ഡി. കാർഡുകൾ ആക്കി മാറ്റിയിട്ടുണ്ട്.

<u>അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സിവിൽ വർക്കുകൾ</u>

- തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരിച്ച് 08-04-2022-ന് ഉദ്ഘാടനം ചെയ്തു.
- കോട്ടയം ബസ് സ്റ്റേഷൻ 94 ലക്ഷം രൂപയും യാർഡ് 97 ലക്ഷം രൂപയും പൂർത്തീകരിച്ച് 24-10-2022-ന് ഉദ്ഘാടനം ചെയ്തു.
- പാലക്കാട് ബസ് സ്റ്റേഷൻ 8.095 കോടി രൂപയ്ക്ക് പൂർത്തീകരിച്ച് 10-11-2022-ന് ഉദ്ഘാടനം ചെയ്തു.
- ഇരിഞ്ഞാലക്കുട ബസ് സ്റ്റേഷൻ യാർഡ് പൊതുമരാമത്ത് വകുപ്പ് മുഖേന ടാർ ചെയ്ത് 30-11-2022-ന് പ്രവൃത്തി പൂർത്തീകരിച്ച്

ഉദ്ഘാടനം ചെയ്തു.

•ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരിച്ച് 26-06-2023-ന് ഉദ്ഘാടനം ചെയ്തു.

•ആലുവ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരിച്ച് 10-02-2024-ന് ഉദ്ഘാടനം ചെയ്തു.

•ചേർത്തല ഡിപ്പോയുടെ യാർഡിന്റെയും Drainage-ന്റെയും പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

•കെ.എസ്.ആർ.ടി.സി.-യുടെ 72 ഡിപ്പോകളുടെയും പൊതു ടോയിലറ്റുകളുടെയും സ്റ്റാഫ് ടോയ്‌ലറ്റുകളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

•പാപ്പനംകോട് ഡിപ്പോയിൽ ഓട്ടോമാറ്റിക് ബസ് വാഷിംഗ് മെഷീൻ സ്ഥാപിച്ചു.

•തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ ബസ് വാഷിംഗ് റാംപ് സ്ഥാപിച്ചു.

•ചങ്ങനാശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തി

പൂർത്തീകരിച്ചുവരുന്നു.

•മാവേലിക്കര റീജിയണൽ വർക്ക് ഷോപ്പിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഡ്രൈവിംഗ് സ്കൂൾ ഗ്രൗണ്ട് നിർമ്മാണം പൂർത്തീകരിച്ചു.

•പാലക്കാട്, തിരുവനന്തപുരം സെൻട്രൽ, അങ്കമാലി, തൃശ്ശൂർ എന്നീ ഡിപ്പോയിൽ VIVO-യുടെ CSR ഫണ്ട് ഉപയോഗിച്ച് യാത്രക്കാരുടെ വിശ്രമമുറി ശീതീകരിച്ചു.

•പാലക്കാട് ഡിപ്പോയിൽ MyG-യുടെ CSR ഫണ്ട് ഉപയോഗിച്ച് ജീവനക്കാരുടെ വിശ്രമമുറി, ഓഫീസ് എന്നിവ ശീതീകരിച്ചു.

•തിരുവമ്പാടി ഡിപ്പോയിൽ LSGD മുഖേന ബസ് സ്റ്റേഷൻ നിർമ്മാണം നടന്നുവരുന്നു.

•മലപ്പുറം ഡിപ്പോയിൽ MLA ഫണ്ട് 2 കോടി രൂപ ഉപയോഗിച്ച് ഗ്രൗണ്ട് ഫ്ലോറിന്റെയും യാർഡിന്റെയും നിർമ്മാണം പൂർത്തീകരിച്ച് 27-06-2025-ന് ഉദ്ഘാടനം നിർവഹിച്ചു.

•മൂന്നാർ ഡിപ്പോയിൽ ഡബിൾ ഡക്കർ ബസ് വാഷ് ചെയ്യുന്നതിന് വാഷിംഗ് പ്ലാറ്റ്ഫോം നിർമ്മിച്ചു.

•കെ.എസ്.ആർ.ടി.സി. അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ ഡ്രൈവിംഗ് സ്കൂൾ ഗ്രൗണ്ട് നിർമ്മാണം പുരോഗമിക്കുന്നു.

•അങ്കമാലി യാർഡ് റിപ്പയറിങ് പൂർത്തീകരിച്ചു.

•എറണാകുളം ബസ് സ്റ്റേഷനിൽ നവീകരണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു.

•നെടുമങ്ങാട് യാർഡ് പൂർത്തീകരിച്ചു.

•R/W മാവേലിക്കരയിലെ ഗ്യാരേജ് മോഡണൈസേഷൻ പ്രവൃത്തി പൂർത്തിയാക്കി.

•മൂവാറ്റുപുഴ ബി.റ്റി.എസ്.സി.യുടെ ബാലൻസ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

•അടൂർ യാർഡ് & ഡ്രെയിനേജ് പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

•കെ.എസ്.ആർ.ടി.സി. മെഡിക്കൽ സെന്ററിന്റെ നവീകരണ പ്രവൃത്തനങ്ങൾ പൂർത്തിയായിവരുന്നു.

•തിരുവനന്തപുരം സെൻട്രൽ യൂണിറ്റിലെ ഗ്യാരേജിന്റെ യാർഡ്

പ്രവൃത്തികൾ നടന്നുവരുന്നു.

•കിളിമാനൂർ ഡിപ്പോയിൽ യാർഡ്, കനോപ്പി എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

•മൂന്നാർ യൂണിറ്റിലെ ഡോർമിറ്ററി നിർമ്മാണം പൂർത്തിയായി വരുന്നു.

<u>ദീർഘദൂര യാത്രക്കാർക്കുള്ള ഭക്ഷണ സൗകര്യം.</u>

ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും കെ.എസ്.ആർ.ടി.സി. ദീർഘദൂര യാത്രാക്കാർക്ക് നിലവാരമുള്ള ഭക്ഷണം നൽകുന്നതിന് നിലവിൽ 51-ഓളം wayside ഹോട്ടലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത wayside ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായി രൂപം കൊടുത്ത കമ്മിറ്റി കൃത്യമായ ഇടവേളകളിൽ ടി ഹോട്ടലുകൾ സന്ദർശിക്കുകയും ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പൊതുഗതാഗത സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന്റെ ഭാഗമായി

കെ.എസ്.ആർ.ടി.സി.-യുടെ നൂതനപദ്ധതിയായ തിരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഫുഡ് സ്റ്റാളും, ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും മുൻകൂട്ടി ഓർഡർ ചെയ്ത ഭക്ഷണവും (Pre Ordered Meals) വിതരണം ചെയ്യുന്നതിനുമായി ടെണ്ടർ നടത്തി ലൈസൻസിയെ കണ്ടെത്തുകയും തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കൊട്ടാരക്കര, കോട്ടയം, കൊല്ലം, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, ആലുവ എന്നീ ഡിപ്പോകളിൽ നടത്തുന്നതിന് ഉത്തരവ് കൈമാറുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ദീർഘദൂര യാത്രക്കാർക്കുള്ള വിശ്രമ സൗകര്യങ്ങൾ</u>

- ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, Pre Ordered Meals, Digital Clock Rooms, പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി VIVO-യുടെ സഹകരണത്തോടെ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം, എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള

ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തിവരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തീകരിച്ചു.

•മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡിപ്പോകളും വർക്ക്ഷോപ്പുകളും മാലിന്യമുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>കൊമേഴ്സ്യൽ രംഗത്തെ പുരോഗതി</u>

കെ.എസ്.ആർ.ടി.സി.-യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ കാലങ്ങളായി സ്ഥിരമായി ഒഴിഞ്ഞുകിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 കടമുറികൾ ടെൻഡർ ചെയ്ത് ലൈസൻസികൾക്ക് നൽകുകയും ബാക്കിയുള്ളവ നൽകുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വലിയ വർധനവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞുകിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ

ടെൻഡർ ചെയ്ത് സ്റ്റാളുകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/-ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിയുന്നുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗരഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച് വലിയ രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തിവരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തീകരിച്ചു. കൂടുതൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസ്സുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Digital Signage System നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ TV സ്ഥാപിച്ച് യാത്രക്കാർക്ക് വളരെ ഏറെ പ്രയോജനപരമായ വിവര സംവിധാനം (Passenger Information System) ഏർപ്പെടുത്തി.

കെ.എസ്.ആർ.ടി.സി.-യിലെ പ്രധാനപ്പെട്ട ബസ് സ്റ്റാൻഡുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ ക്ലോക്ക് റൂം എന്ന പദ്ധതി ആവിഷ്കരിച്ച് പ്രവർത്തിച്ചുവരുന്നു.

മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെൻഡർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൊറിയർ/പാഴ്സൽ സർവീസ് മുഖേന നാളിതുവരെ 11,00,00,000/- (പതിനൊന്ന് കോടി) യോളം രൂപയുടെ

വരുമാനം നേടിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും വർഷങ്ങളായി കെട്ടിക്കിടക്കുന്ന ലെഗസി വേസ്റ്റുകൾ (Rexin, Glass etc.) സർക്കാർ ഉടമസ്ഥതയിലുള്ള Clean Kerala Company, Kerala Enviro Infrastructure Limited കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ച് വലിയ തോതിൽ നീക്കം ചെയ്തിട്ടുണ്ട്. സ്പോൺസർഷിപ് വഴി മാലിന്യ ശേഖരണ സംവിധാനങ്ങൾ മലിനജല സംസ്കരണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി. സ്വന്തമായി വികസിപ്പിച്ച ഓയിൽ വേർതിരിക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ബസ് വാഷിംഗ് റാമ്പ് തിരുവനന്തപുരം സെൻട്രലിൽ നടപ്പിലാക്കിയിട്ടുണ്ട്.

RVSF സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർവഹണ ഏജൻസിയായി കെ.എസ്.ആർ.ടി.സി.-യെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ, KSRTC e-tender മുഖേന M/s. SIMCO RVSF PVT. LTD എന്ന കമ്പനിയെ തെരഞ്ഞെടുത്ത് കെ.എസ്.ആർ.ടി.സി.-യുടെ

എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിൽ 3 ഏക്കർ സ്ഥലത്ത് RVSF (Registered Vehicle Scrapping Facility) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സുൽത്താൻ ബത്തേരി, വിതുര എന്നീ കെ.എസ്.ആർ.ടി.സി. സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വലിയ വർധനവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെൻഡർ ചെയ്ത് സ്റ്റാളുകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/-ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിയുന്നുണ്ട്.

<u>എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ്</u>

കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യയും നിംസ് മെഡിസിറ്റിയും സംയുക്തമായി തിരുവനന്തപുരം സെൻട്രൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, കൊട്ടാരക്കര,

കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, സുൽത്താൻ ബത്തേരി, കണ്ണൂർ, കാസർഗോഡ് എന്നീ 14 ഡിപ്പോകളെ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കും യാത്രക്കാർക്കും ജീവനക്കാർക്കും സഹായകരമായ രീതിയിൽ ജെറിയാട്രിക്സ് ഉൾപ്പെടെ എല്ലാതരത്തിലുമുള്ള അത്യാഹിതങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തമായ രീതിയിൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്നതാണ്. തിരുവനന്തപുരം സെൻട്രൽ, നെടുമങ്ങാട് എന്നീ രണ്ട് കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലാണ് എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. പരാതി പരിഹാര സെൽ (വാട്സ്ആപ് നമ്പർ)

18005994011 (Toll free Number), 9447071021, 04712463799 എന്നീ കൺട്രോൾ റൂം നമ്പരുകളിൽ വിളിച്ച് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരാതികൾ നൽകുമ്പോഴും തുടർനടപടികൾക്കായി ഓഫീസർമാർക്ക് നൽകുമ്പോഴും പരിഹരിച്ചശേഷം പരാതി ക്ലോസ്

ചെയ്യുമ്പോഴും പരാതിക്കാരന് SMS ലഭിക്കും.

പൊതുജനങ്ങൾക്ക്, ബസ് ജീവനക്കാർക്കെതിരെയുള്ള പരാതിയും ബസ് ഡ്രൈവറുടെ റാഷ് ഡ്രൈവിംഗ് വീഡിയോ ഉൾപ്പെടെയുള്ള പരാതികൾ 9188619380 എന്ന വാട്സ്ആപ്പ് നമ്പരിൽ അറിയിക്കാവുന്നതാണെന്ന് എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

ബജറ്റ് ടൂറിസം

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിന്റെയും പൊതുഗതാഗത മേഖലയിൽ കൂടുതൽ ജനപ്രീതി നേടുന്നതിന്റെയും പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ട് ബജറ്റ് ടൂറിസം മുഖേന ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നു.

ബജറ്റ് ടൂറിസം സെൽ പ്രധാന നേട്ടങ്ങൾ

2024-ലെ വാർഷിക വരുമാനം 23 കോടി രൂപ ആയിരുന്നത് 2025-ൽ 42 കോടി രൂപയായി വർധിച്ചു. പ്രസ്തുത വർഷത്തിലെ ലാഭം 17

കോടി രൂപയാണ്.

BTC-യുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ വരുമാനമായ 6.5 കോടി രൂപ 2026 ജനുവരി മാസത്തിൽ ലഭിച്ചു.

2026 ജനുവരി മാസം വരെ ബി.ടി.സി.-യുടെ ആകെ വരുമാനം 106 കോടി രൂപയാണ്.

തീർത്ഥാടന ടൂറിസം പാക്കേജുകളിലെ 2024-ലെ വരുമാനം 3.24 കോടി രൂപയായിരുന്നു. 2025-ൽ 5.71 കോടി രൂപയായി വർധിച്ചു. ഇതിൽ നാലമ്പല ദർശനം, പഞ്ചപാണ്ഡവ ക്ഷേത്രദർശനം, ആറ്റുകാൽ പൊങ്കാല, തിരുവൈരാണിക്കുളം ക്ഷേത്ര ഉത്സവം, കൊട്ടിയൂർ മഹോത്സവം, കൃപാസനം പാക്കേജ്, ശബരിമല തീർത്ഥാടനം, തിരുനാവായ കുംഭമേള എന്നിവ ഉൾപ്പെടുന്നു.

ഗുരുവായൂർ ക്ഷേത്രത്തിൽ BTC യാത്രക്കാർക്കായി ദർശനത്തിനായി പ്രത്യേക സൗകര്യം ഏർപ്പെടുത്തി.

മൂന്നാർ ഡബിൾ ഡക്കർ സർവീസിൽ ഇതുവരെ 1.4 കോടി രൂപ വരുമാനം നേടി. ഇതിൽ 87 ലക്ഷം രൂപ ലാഭമാണ്.

തിരുവനന്തപുരത്ത് ആരംഭിച്ച ഓപ്പൺ ഡക്ക് ഡബിൾ ഡെക്കർ സർവീസുകളിൽ ഇതുവരെ 2.92 കോടി രൂപ വരുമാനം നേടി. ഇതിൽ 2.2 കോടി രൂപ ലാഭമാണ്.

വിദ്യാർഥികൾക്കായി വിനോദവും വിജ്ഞാനവും കോർത്തിണക്കിക്കൊണ്ടുള്ള travel to technology എന്ന പാക്കേജ് ആരംഭിച്ചു. പ്രസ്തുത പാക്കേജിന്റെ ഭാഗമായി 315 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്ത് 27 ലക്ഷം രൂപ വരുമാനം നേടി.

BTC-ക്കുവേണ്ടി പുതിയ ലിവറിയിലുള്ള 27 ബസ്സുകൾ നിരത്തിലിറക്കി. പ്രസ്തുത ലിവറിയിലുള്ള ആകെ 150 ബസ്സുകൾ നിരത്തിലിറക്കുന്നതാണ്.

വിവാഹം, വിനോദയാത്രകൾ എന്നിവയ്ക്കായി ബസ്സുകൾ വാടകയ്ക്ക് നൽകുന്നതിനുള്ള അടിസ്ഥാന നിരക്ക് 8000 രൂപയിൽ നിന്നും 3500 രൂപയാക്കി കുറയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായി സ്പെയർ ആയിട്ടുള്ള ബസ്സുകൾ വാടകയ്ക്ക് നൽകുന്നത് ആകർഷകമാവുകയും കേവലം 6 മാസംകൊണ്ട് 2.1 കോടി രൂപ വരുമാനം ലഭ്യമാവുകയും ചെയ്തു.

KSINC ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളുമായി സഹകരിച്ച് കപ്പൽ, ബോട്ട് സർവീസുകൾ കാര്യക്ഷമമായി നടത്തിവരുന്നു.

തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിന്റെ ഭാഗമായി രാമേശ്വരം, തഞ്ചാവൂർ, മധുര, പളനി, വേളാങ്കണ്ണി ചർച്ച്, നാഗൂർ മോസ്ക്, കൊടൈക്കനാൽ, ഊട്ടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അധിക സർവീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നു.

<u>ഡ്രൈവിംഗ് സ്കൂൾ</u>

പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ ഗുണമേന്മയുള്ള ഡ്രൈവിംഗ് പരിശീലനം നൽകി പുതിയ ഒരു ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയത്.

ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 26-06-2024-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു.

തിരുവനന്തപുരം സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, ആറ്റിങ്ങൽ, വിതുര,

കാട്ടാക്കട, പാറശ്ശാല, പൂവാർ, വെള്ളനാട്, ചാത്തന്നൂർ, എടപ്പാൾ, ചാലക്കുടി, മാനന്തവാടി, ചിറ്റൂർ, ചടയമംഗലം, നിലമ്പൂർ, പൊന്നാനി, എടത്വ, പയ്യന്നൂർ, മാവേലിക്കര, കരുനാഗപ്പള്ളി, സുൽത്താൻ ബത്തേരി, സെൻട്രൽ വർക്സ് പാപ്പനംകോട് ഉൾപ്പെടെ 21 കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നെടുമങ്ങാട്, മണ്ണാർക്കാട്, പന്തളം, ആലപ്പുഴ, വടക്കാഞ്ചേരി, കായംകുളം, തിരുവല്ല, പൊൻകുന്നം, ഹരിപ്പാട്, ഗുരുവായൂർ, എന്നിവിടങ്ങളിൽ ബഹുമാനപ്പെട്ട MLA-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ ഡ്രൈവിംഗ് സ്കൂൾ പരിശീലന താൽപര്യപ്രകാരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ കേന്ദ്രത്തിലേക്കും സിമുലേറ്റർ (7.17 ലക്ഷം രൂപ), കാർ (LMV- 4.39 ലക്ഷം രൂപ), രണ്ട് ടൂ വീലർ (1.71 ലക്ഷം) എന്നിവയ്ക്കായി 13.27 ലക്ഷം രൂപയുടെ ചെലവ് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സ് പരിവർത്തനം ചെയ്താണ് HMV പരിശീലനത്തിന് ഉപയോഗിക്കുന്നത്.

വിവിധ കേന്ദ്രങ്ങളിലായി (HMV, LMV, Two Wheeler) ഇതുവരെ

ആകെ 6276 പേർക്ക് പ്രവേശനം നൽകിയിട്ടുണ്ട്. ഇതിൽ വിജയശതമാനം (85.768).

05-01-2026 വരെയുള്ള കണക്ക് പ്രകാരം 4,26,74,770/-രൂപ പ്രവേശന ഫീസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഇന്ധനം, ശമ്പളം, സ്കൂളിനായുള്ള ക്ലാസ്സ് റൂമുകൾ, ഗ്രൗണ്ട് സജ്ജീകരിക്കൽ, സ്കൂൾ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകളും കഴിച്ച് 2,18,94,093/- രൂപ ലഭിച്ചിട്ടുണ്ട്.

ഒരു ബാച്ചിൽ 16 പേർക്കാണ് പ്രവേശനം നൽകുന്നത്. ഒരു മാസത്തെ പരിശീലന പരിപാടിയിൽ 28 ദിവസം ഡ്രൈവിംഗ് പരിശീലനവും (പ്രതിദിനം 30 മിനിട്ട്) രണ്ട് ദിവസം തീയറി ക്ലാസുകളുമാണ് സജ്ജീകരിച്ചിരിക്കുന്നത്. വനിതാ ഇൻസ്ട്രക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

HMV ലൈസൻസ് നേടിയിട്ടുള്ളവർക്ക് റോഡ് LMV/ Two wheeler പരിശീലനത്തിന് Rs. 5000/- (പരമാവധി 50 km) അധിക ദൂരത്തിന് Rs. 100/km, എന്നിവയിൽ ലൈസൻസ് നേടിയിട്ടുള്ളവർക്ക് റോഡ് പരിശീലനത്തിന് Rs. 2,500/- (പരമാവധി 50 km) അധിക ദൂരത്തിന് Rs

50/km എന്ന ക്രമത്തിലും fees ഈടാക്കി റോഡ് പ്രാക്ടീസ് നൽകി വരുന്നു.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ 50 എണ്ണം 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസ്സുകൾ കിഫ്ബി ലോൺ മുഖാന്തരവും, സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 113 എണ്ണം 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസ്സുകളും 2 എണ്ണം ഓപ്പൺ ഡബിൾ ഡെക്കർ ഇലക്ട്രിക്ക് ബസ്സുകളും ഉൾപ്പെടെ 165 ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിവരുന്നു.

ഡീസൽ ബസ്സുകളുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകളുടെ വില കൂടുതലായതിനാലും ഇലക്ട്രിക്കൽ ചാർജിങ് സബ് സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ഇലക്ട്രിക് ബസ്സുകളുടെ ആദ്യ രണ്ടു വർഷ വാറന്റി കാലാവധിയ്ക്കുശേഷം ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ് എന്നിവ കണക്കിലെടുക്കുമ്പോൾ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർധിപ്പിക്കുക എന്നത് നിലവിൽ പരിഗണിക്കാൻ കഴിയുന്ന സാഹചര്യമല്ല.

(സി) കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിൽ വാങ്ങിയ പുതിയ ബസ്സുകളുടെ എണ്ണം അനുബന്ധമായി

ചേർക്കുന്നു.+

ഇതിൽ 165 എണ്ണം ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു.

(ഡി) ഇലക്ട്രിക് ബസുകൾക്കുള്ള വില ഡീസൽ ബസ്സുകളെക്കാൾ വളരെ കൂടുതലാണ്. ആദ്യഘട്ടം വാങ്ങിയ ഒരു PMI 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസിന് 92.43 ലക്ഷം രൂപയാണ് വില. പുതുതായി വാങ്ങിയ 9 മീറ്റർ നോൺ എ.സി. Eicher BSVI ഡീസൽ ബസിന് 27.72 ലക്ഷം രൂപയാണ് വില. ഇലക്ട്രിക്ക് ബസുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്നിരട്ടി വിലയുണ്ട്.

ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ശരാശരി വൈദ്യുതി ഉപയോഗം 0.76 കിലോവാട്ട് ആണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി നിരക്ക് 9.07 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടിവരുന്ന വൈദ്യുതി ചാർജ്ജ് ഇനത്തിലെ ചെലവ് 6.89 രൂപയാണ്.

പുതിയ ഒരു 9 മീറ്റർ ഡീസൽ Eicher ബസ്സിന്റെ ശരാശരി

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്ധനക്ഷമത 5.42 കിലോ മീറ്ററാണ്. ഒരു ലിറ്റർ ഡീസലിന് 93.90 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടിവരുന്ന ഇന്ധന ചെലവ് 17.32 രൂപയാണ്. ആയതിനാൽ ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളേക്കാൾ ഇന്ധന ചെലവ് കുറവാണ്.

ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളെക്കാൾ മൂന്നിരട്ടിയിലധികം മൂലധനച്ചെലവ് കൂടുതലായതിനാലും ഇലക്ട്രിക്കൽ ചാർജിങ് സബ്സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ഇലക്ട്രിക് ബസ്സുകളുടെ ആദ്യ രണ്ടുവർഷ വാറന്റി കാലാവധിയ്ക്കുശേഷം ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ട്രാക്ഷൻ, മറ്റ് മോട്ടോറുകൾ, ഡ്രൈവ് കൺട്രോളർ, ഇലക്ട്രോണിക്സ് & ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ സിസ്റ്റങ്ങൾ തുടങ്ങിയവയ്ക്ക് ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ്ജായ 4.61 രൂപ, ഹൈവോൾട്ടേജ് ബാറ്ററി മാറ്റുന്നതിന് ആവശ്യമായ ചെലവ് എന്നിവ ഡീസൽ ബസ്സുകളേക്കാൾ അധികമായി കണ്ടെത്തേണ്ടതുണ്ട്.

(ഇ) ഏറ്റവും ആധുനികവും നവീന സൗകര്യങ്ങളുമുള്ള BSVI സാങ്കേതികവിദ്യയിലുള്ള പുതിയ എ.സി. സീറ്റർ സ്ലീപ്പർ, സീറ്റർ കം സ്ലീപ്പർ

ബസ്സുകളും വോൾവോ ബസ്സുകളും ആധുനിക കാലഘട്ടത്തിന്റെ ആവശ്യത്തിനുതകുന്ന രീതിയിൽ നിരത്തിലിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2023 ഡിസംബർ മാസത്തിനുശേഷം 540 ബസ്സുകൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതും അവയിൽ 252 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായിട്ടുള്ളതുമാണ്.

ആധുനിക കാലഘട്ടത്തിനനുസൃതമായി മികവുറ്റ യാത്രാസൗകര്യങ്ങൾ യാത്രക്കാർക്ക് ലഭ്യമാക്കുന്നതിനായി പുഷ്ബാക്ക് റിക്ലൈനിംഗ് സീറ്റ്/ ബർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, മാഗസിൻ പൗച്ചുകൾ, ബോട്ടിൽ ഹോൾഡറുകൾ, മ്യൂസിക് സിസ്റ്റം, ടെലിവിഷൻ, സി.സി.ടി.വി. ക്യാമറകൾ, എയർ സസ്പെൻഷൻ, യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഡ്രൈവർ ഉറങ്ങിയാൽ/കണ്ണടച്ചാൽ അലാറം കേൾക്കുന്ന തരത്തിൽ AI (Artificial intelligence) അധിഷ്ഠിത Driver Fatigue Detection Alert ക്യാമറകൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ എ.സി. സീറ്റർ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ-കം-സ്ലീപ്പർ എന്നീ ബസുകളും കൂടാതെ ഇന്ത്യയിലെ RTC-കളിൽ ആദ്യമായി

വോൾവോയുടെ ഏറ്റവും പുതിയ സ്ലീപ്പർ ബസ് ആയ വോൾവോ 9600 SLX സ്ലീപ്പർ ബസുകളും 2024-25 കാലയളവിൽ നിരത്തിലിറക്കിയിട്ടുണ്ട്.

കൂടാതെ ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾക്കനുസൃതമായി കെ.എസ്.ആർ.ടി.സി. സർവീസുകളെ വ്യത്യസ്തതകളോടും പുതുമകളോടും കൂടി പുനരാവിഷ്കരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് തുറന്ന ഇരുനില പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസുകൾ, കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ രൂപമാറ്റം വരുത്തിയതും ഗ്ലാസ് നിർമ്മിതവുമായ ഡീസൽ ഡബിൾ ഡക്കർ ബസ്സുകൾ (റോയൽ വ്യൂ ഡബിൾ ഡക്കർ), സൈറ്റ് സീയിംഗ് ഡീസൽ ഓപ്പൺ ഡബിൾ ഡക്കർ ബസ്സുകൾ എന്നിവയും പുതുമകളോടെ പുനരാവിഷ്കരിക്കുവാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

മൂന്നാറിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദ സഞ്ചാരികളുടെ ആവശ്യത്തിലേയ്ക്ക് നിലവിൽ സർവീസിന് ഉപയോഗിച്ചുകൊണ്ടിരുന്ന രണ്ട് ഡബിൾ ഡക്കർ ബസ്സുകൾ മൂന്നാറിൽ സർവീസ് നടത്തുന്നതിലേയ്ക്ക് പുറമെയുള്ള കാഴ്ചകൾ സൗകര്യപ്രദമായി

കാണുന്നതിനും ആകർഷണമാക്കുന്നതിനും ബസ്സിന്റെ ബോഡി സ്ട്രക്ച്ചറിൽ മാറ്റം വരുത്താതെ ബോഡി ഷീറ്റുകൾ ഒഴിവാക്കി transparent ഗ്ലാസ്സുകൾ വശങ്ങളിൽ, മുകളിൽ ഘടിപ്പിച്ച് ആകർഷണീയമായ രീതിയിൽ പരിവർത്തനം നടത്തി. പ്രസ്തുത ബസ്സുകൾ നിലവിൽ മൂന്നാർ മേഖലയിൽ മാർച്ച് 2025, ഡിസംബർ 2025 എന്നീ മാസങ്ങൾ മുതൽ വിജയകരമായി സർവീസ് നടത്തി വരുന്നു.

ബജറ്റ് ടൂറിസത്തിനായി പ്രത്യേക കളർ കോമ്പിനേഷനും ബ്രാൻഡഡ് ലിവറിയുമുള്ള ബസ്സുകൾ അവതരിപ്പിച്ചതിലൂടെ പൊതുജനങ്ങളിൽ വ്യക്തമായ ബ്രാൻഡ് തിരിച്ചറിയൽ സൃഷ്ടിക്കുവാനും വിശ്വാസ്യത വർധിപ്പിക്കുവാനും സാധിച്ചു. ഇതുവഴി യാത്രക്കാരുടെ എണ്ണം വർധിക്കുകയും കളക്ഷൻ ഉയരുകയും ചെയ്തു.

ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾക്കനുസൃതമായി യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ്/ ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ

ഹോൾഡറുകൾ, മാഗസിൻപൗച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, എയർ സസ്പെൻഷൻ തുടങ്ങിയ സൗകര്യങ്ങളോട്ടുകൂടിയ എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്.

ശ്രീ. ഐ. ബി. സതീഷ്: വികസനത്തിന്റെ സൂര്യശോഭയാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. അതിനെ അസംബന്ധ വിവാദങ്ങളുടെ പാഴ്മരംകൊണ്ട് മറച്ചുപിടിക്കാനാണ് നിർഭാഗ്യവശാൽ പ്രതിപക്ഷം ശ്രമിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലും അവിശ്വസനീയമായ മാറ്റങ്ങളുടെ കാലമാണ്. ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുകയും ഒരു കോടി രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്തു. എന്ത് മാജിക്കാണ് ഈ വിസ്മയിപ്പിക്കുന്ന മാറ്റങ്ങൾക്കു പിന്നിലുള്ളത്; അതോടൊപ്പം ജീവനക്കാരുടെ ക്ഷേമത്തിനും കുടുംബക്ഷേമത്തിനുമായി ആസൂത്രണം ചെയ്ത മറ്റ് പദ്ധതികൾകൂടി വിശദീകരിക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ

പ്രവർത്തനങ്ങളിൽവന്ന സാമ്പത്തിക അച്ചടക്കം, മറ്റുകാര്യങ്ങളിൽ പരമാവധി യൂട്ടിലൈസ് ചെയ്യുക എന്നുള്ളതാണ് നമ്മൾ ഉദ്ദേശിച്ച ഒരുകാര്യം. ഏകദേശം 1400 ഓളം ബസ്സുകൾ പണി ചെയ്യുന്നതിനായി ഗ്യാരേജിൽ കിടന്നു; അതിപ്പോൾ 450 ആയി കുറഞ്ഞു. ശേഷിക്കുന്ന വണ്ടികളെല്ലാം സാധ്യമാകുന്നത്ര ഓടിക്കുന്നതിനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ സുരക്ഷിതമായ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സ്വഭാവ രൂപീകരണത്തിനും മദ്യപാനം തുടങ്ങിയ തെറ്റായ കാര്യങ്ങൾ ഒഴിവാക്കാനും ജീവനക്കാരുമായി സൗഹൃദപരമായ ബന്ധം വളർത്താനും പ്രോത്സാഹിപ്പിച്ച് കൊണ്ടിരിക്കുന്നു. ഇതോടെ, ജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.യിലുണ്ടായ വിശ്വാസം കൂട്ടിയതിനാൽ കഴിഞ്ഞ രണ്ട് വർഷമായി യാത്രക്കാരുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. 2023 സാമ്പത്തിക വർഷത്തിൽ യാത്രക്കാരുടെ എണ്ണം 19,35,000 ആയിരുന്നത് 2024 ആയപ്പോഴേയ്ക്കും 19,84,000 ആയും 2025 -ൽ 20,27,000 ആയി മാറി. 31-01-2026 വരെ 22,18,000 ആളുകൾ യാത്രക്കാരായി മാറിക്കഴിഞ്ഞു. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെ വിട്ട് സ്കൂട്ടറും

കാറുമൊക്കെ വാങ്ങിയ ആളുകൾപോലും അതെല്ലാം ഉപേക്ഷിച്ച് പൊതുഗതാഗതത്തെ ആശ്രയിക്കുകയാണ്. ആധുനികമായ ബസുകളും ബസ് സ്റ്റേഷനിൽ ഒരുക്കുന്ന സൗകര്യങ്ങളുമാണ് യാത്രക്കാരെ ഇതിലേയ്ക്ക് ആകൃഷ്ടരാക്കി വന്നിരിക്കുന്നത്. കാരണം കേരളത്തിലെന്നല്ല സൗത്ത് ഇന്ത്യയിലെവിടെയുമില്ലാത്ത ഒരു ഇൻഷ്വറൻസ് പരിരക്ഷയാണ് ഇവിടെ ഏർപ്പെടുത്തിയത്. ഒരു വ്യക്തി അപകടത്തിൽ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബത്തിന് ഒരു കോടി രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിനുശേഷം ആദ്യമായാണ് വിഴിഞ്ഞത്ത് ട്രെയിൻ തട്ടി മരിച്ച അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കുമായി ഒരു കോടി രൂപ നൽകിയത്. അതുകൂടാതെ പെൺകുഞ്ഞിനെ വിവാഹം കഴിപ്പിക്കാൻ 5 ലക്ഷം രൂപയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പഠിക്കാനായി അഞ്ച്-അഞ്ച് ലക്ഷം രൂപാവീതം പ്രസ്തുത ഇൻഷ്വറൻസിന്റെ ഭാഗമായി ലഭിക്കും. സാധാരണ മരണമാണെങ്കിൽ ആറേഴുലക്ഷം രൂപ ആ കുടുംബത്തിന് ലഭിക്കും. പത്തുലക്ഷം രൂപ വരെ ലഭിക്കുന്ന

പോളിസിയുമുണ്ട്. അത് കൈകാര്യം ചെയ്യുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും യൂണിയൻ ബാങ്കുമാണ്. നമുക്ക് ഇഷ്ടമുള്ള അക്കൗണ്ടിലേയ്ക്ക് മാറാം. ഒരുവർഷം പതിനായിരം രൂപ അടച്ചാൽ ഒരു വീട്ടിലെ ഭാര്യ, ഭർത്താവ്, രണ്ട് കുഞ്ഞുങ്ങൾ അങ്ങനെ നാലുപേർക്ക് 50 ലക്ഷം രൂപ വരെയുള്ള ചികിത്സ കേരളത്തിലെ ഏത് ആശുപത്രിയിലും സൗജന്യമായിരിക്കും. ഇൻഷ്വറൻസ് കാർഡ് ഉപയോഗിച്ച് ചികിത്സിക്കാം. ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതുകൂടാതെ കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കടുത്ത് ഒരു ആശുപത്രി തുടങ്ങുന്നുണ്ട്. ഇത് ജീവനക്കാർക്കുവേണ്ടി മാത്രമല്ല, പാവപ്പെട്ട ആളുകൾക്ക് ഡയലാസിസ് ചെയ്യാനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഡയാലിസിസ് മെഷീൻ തന്നിട്ടുണ്ട്. ഞങ്ങൾക്ക് ഡോക്ടറുണ്ട്. അതുകൂടാതെ നിംസ് ഹോസ്പിറ്റലിൽനിന്ന് സൗജന്യ സേവനമായി ഒരു നെഫ്രോളജിസ്റ്റിനെയും തരാമെന്ന് ഏറ്റിട്ടുണ്ട്. ആ പ്രദേശത്തുള്ള പാവപ്പെട്ട ആളുകൾക്ക് കോസ്റ്റ് പ്രൈസിൽ ഡയാലിസിസിനായി ഒരു ദിവസം 10 ബെഡ്ഡാണ് ഒരുക്കാനുദ്ദേശിക്കുന്നത്. 10 ബെഡ്ഡും 10 മെഷീനും സ്പോൺസർ

ചെയ്തിട്ടുണ്ട്. പത്തുപേർക്ക് ഒരുസമയത്ത് ഡയാലിസിസ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താനും എല്ലാ മരുന്നുകളും ഏറ്റവും ന്യായമായ വിലയ്ക്ക് അവിടത്തെ ഫാർമസിയിൽനിന്ന് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇത് ജീവനക്കാർക്കുമാത്രമല്ല, ആ പ്രദേശത്തെ സാധാരണക്കാരായ പാവപ്പെട്ടവർക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ എത്തുന്ന യാത്രക്കാർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ കുടുംബസമേതം എത്തുന്നവർക്ക് എ.സി. വിശ്രമമുറിയിൽ കുടുംബസമേതം ഇരിക്കാൻ സാധിക്കും. അതുപോലെ സ്ത്രീകൾക്ക് പ്രത്യേകം ഇരിക്കാനുള്ള സൗകര്യവും അതിനകത്തുതന്നെ വായിക്കാനുള്ള പുസ്തകങ്ങളുമുണ്ട്. അതുകൂടാതെ മൊബൈൽ ചാർജ് ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വളരെ തുച്ഛമായ തുകയ്ക്കാണ് ഒരു മണിക്കൂർ

ഇരിക്കുന്നത്. അത് ഞാൻ തന്നെ ഡിസൈൻ ചെയ്ത ഗ്ലാസുകൊണ്ടുള്ള ഒരു നിർമ്മിതിയാണ്. അതിലൂടെ നോക്കിയാൽ ബസുകൾ വരുന്നത് കാണാൻ സാധിക്കും. അത് കാണുമ്പോൾ നമ്മൾ എണീറ്റാൽ മതിയാകും. അവിടെ യാത്രക്കാർക്കുള്ള ഡിസ്പ്ലേ ബോർഡ് വച്ചിട്ടുണ്ട്. എത്ര സെക്കൻഡിനുള്ളിൽ നമ്മൾ ഉദ്ദേശിക്കുന്ന ബസ് ഈ സ്റ്റാൻഡിലെത്തുമെന്ന് മൊബൈലിൽ കാണാൻ സാധിക്കുന്ന കെ.എസ്.ആർ.ടി.സി. ചലോ ആപ്പ് വന്നിട്ടുണ്ട്. അതുകൂടാതെ ബസ് സ്റ്റേഷനുകളിൽ ഡിസ്പ്ലേ ബോർഡുകൾ വച്ചിട്ടുണ്ട്. വിമാനം വരുന്നതുപോലെ ഇത്ര മിനിറ്റിനുള്ളിൽ വരുമെന്ന് കൃത്യമായി എഴുതിക്കാണിക്കുന്ന ബസിന്റെതന്നെ ജി.പി.എസ്.-ൽനിന്നും കണക്ട് ചെയ്തിരിക്കുന്ന ഒരു ഡിസ്പ്ലേ ബോർഡ് അവിടെ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ടോയ്ലറ്റുകളും നന്നാക്കാനുള്ള പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലെ എല്ലാ ടോയ്ലറ്റുകളും സുലഭ് ഇന്റർനാഷണൽ എന്ന ഏജൻസിക്ക് കൈമാറി. അവർ അത് വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. വെറുതെ പൈസ കിട്ടാൻവേണ്ടി ടോയ്ലറ്റുകൾ നശിപ്പിക്കാൻ കൊടുക്കുന്ന പരിപാടി അവസാനിപ്പിച്ചു. യാത്രക്കാർക്ക് യാത്രയിൽ മാത്രമല്ല, യാത്ര

ചെയ്ത് പോകുമ്പോൾ ഏറ്റവും നല്ല 70 ലധികം ഹോട്ടലുകൾ അക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആ ഹോട്ടലിൽ മാത്രമേ വണ്ടി നിർത്തുകയുള്ളൂ. അവിടെ സ്ത്രീകൾക്ക് രണ്ട് ടോയ്‌ലറ്റ്, പുരുഷന്മാർക്ക് രണ്ട് ടോയ്‌ലറ്റ് എന്നിവയുമുണ്ട്. അതുകൂടാതെ കിച്ചൻ, ഡൈനിങ് ഹാൾ തുടങ്ങിയവയെല്ലാം രണ്ടുമാസത്തിലൊരിക്കൽ കെ.എസ്.ആർ.ടി.സി.-യുടെ ഇൻസ്പെക്ഷൻ വിംഗിന്റെ ഒരു ടീം പോയി പരിശോധിച്ച് അക്രഡിറ്റേഷൻ വീണ്ടും വേണമോയെന്ന് തീരുമാനിക്കും. അവിടെ ഡ്രൈവർക്കും കണ്ടക്ടർക്കുമുള്ള ഫുഡ് ഫ്രീയായാണ് ലഭിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് അതുകൊണ്ട് ഒരു ലാഭവുമില്ല. പക്ഷേ കെ.എസ്.ആർ.ടി.സി. അവരെ അവിടെ നിർത്തിക്കൊടുക്കുമ്പോൾ യാത്രക്കാർക്ക് ടോയ്‌ലറ്റിൽ പോകാനും നല്ല ഭക്ഷണം കഴിക്കാനും അവസരമുണ്ടാകുന്നതുകൊണ്ട് കുടുംബസമേതമുള്ള യാത്രക്കാരുടെ എണ്ണം കെ.എസ്.ആർ.ടി.സി.-യിൽ വർധിച്ചു.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ള മന്ത്രിയെ ഞാൻ ഈ അവസരത്തിൽ

അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികമായി ലാഭമുണ്ടാക്കാൻ കഴിയുന്ന പുതിയ ടിക്കറ്റിതര വരുമാന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; കോഴിക്കോട് ബസ് ടെർമിനലിനുള്ള നടപടികളായിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിനായി ഷോപ്പിങ് കോംപ്ലക്സുകളിലെ കടകൾ വാടകയ്ക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടായിരുന്നു. എന്നാൽ, 2023-ൽ ഏകദേശം 151 കടകളാണ് ഷോപ്പിങ് കോംപ്ലക്സുകളിൽ ഒഴിഞ്ഞ് കിടന്നിരുന്നത്. ഇവയിൽ പല കടകൾക്കും മുനിസിപ്പാലിറ്റി നമ്പർ നൽകാത്തതിനാൽ വാടകയ്ക്ക് നൽകുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഏറ്റവും കൂടുതൽ കടകൾ ഒഴിഞ്ഞുകിടക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്. എസ്.ടി.പി. വയ്ക്കാത്തതുകൊണ്ട് അവിടെ നമ്പർ ഇട്ട് കിട്ടുന്നില്ല. അതേറ്റെടുത്ത കോൺട്രാക്ടർ മരിച്ചതിനാൽ അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളിൽപ്പെട്ട്

കിടക്കുകയായിരുന്നു. ഇപ്പോൾ കെ.എസ്.ആർ.ടി.സി. തന്നെ എസ്.ടി.പി. വച്ചുകൊണ്ട്, നമ്പർ കിട്ടിയാൽ ഏറ്റവും കുറഞ്ഞത് 50 കടകളെങ്കിലും പത്തനംതിട്ടയിൽ വാടകയ്ക്ക് നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണി കഴിഞ്ഞ് വർഷങ്ങളായിട്ടും ഏകദേശം 151 കടകൾ വാടകയ്ക്ക് നൽകാനുണ്ടായിരുന്നു. എന്നാൽ ഇവയെല്ലാം സ്ഥിരമായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഇതിൽ 101 കടകൾ ടെൻഡർ ചെയ്ത് വാടകയ്ക്ക് നൽകിയത് കെ.എസ്.ആർ.ടി.സി.-യ്ക്ക് വലിയ വരുമാനവർദ്ധനവ് നൽകി. ഇപ്പോൾ 56 സ്ഥലങ്ങളിൽ പുതിയ ടെൻഡർ വിളിച്ചിട്ടുണ്ട്. സ്ക്വയർ ഫീറ്റടിസ്ഥാനത്തിൽ ചാർജ് ചെയ്യുന്നതിലൂടെ ഒരു മാസം മുൻപ് ലഭിച്ച തുകയേക്കാൾ 26 ലക്ഷം രൂപ അധിക വരുമാനം കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുകയാണ്. ഡ്രൈവിങ് സ്കൂളുകൾ ആരംഭിച്ചതിലൂടെ നല്ല ഗുണമാണ് കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ചത്. നല്ല രീതിയിൽ ഡ്രൈവിംഗ് അറിയാവുന്ന ഡ്രൈവർമാരെ സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്. ഇപ്പോഴത്തെ അതിന്റെ ലാഭക്കണക്ക് എനിക്കറിയില്ല. എന്നാൽ മൂന്ന് മാസം മുൻപ് വരെയുള്ള ലാഭത്തിന്റെ കണക്ക് 2,87,00,000/- രൂപയാണ്. നിലവിൽ 22

ഡ്രൈവിംഗ് സ്കൂളുകളാണുള്ളത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ 22-ാമത്തെ ഡ്രൈവിംഗ് സ്കൂൾ ഉദ്ഘാടനം ചെയ്തു. മറ്റ് എം.എൽ.എ.-മാർ ആവശ്യപ്പെട്ട പ്രകാരം 31 ഡ്രൈവിംഗ് സ്കൂളുകൾ സ്ഥാപിക്കുക എന്നതാണ് ടാർജറ്റ്. എം.എൽ.എ.-മാർ എല്ലാ ആവശ്യമായ സൗകര്യങ്ങളും ഒരുക്കിത്തരുന്നുണ്ട്. അവരുടെ മണ്ഡലങ്ങളിലായി 31 ഡ്രൈവിംഗ് സ്കൂളുകൾ സ്ഥാപിക്കുക എന്നതാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ബജറ്റ് ടൂറിസത്തിന്റെ കാര്യത്തിൽ അത്ഭുതകരമായ വർദ്ധനവാണ് ഉണ്ടാകുന്നത്. 2021-22, 2022-23 വർഷങ്ങളിൽ ബജറ്റ് ടൂറിസം വഴി ഒരു മാസം ഏകദേശം ഒരു കോടി മുതൽ ഒന്നേകാൽ കോടി രൂപവരെയാണ് ലഭിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ മാസം ഈ വരുമാനം 4.5 കോടി രൂപയായി വർധിച്ചു. എന്നാൽ ഈ മാസം ലഭിച്ചത് അഞ്ചരക്കോടി രൂപയാണ്, അതിൽ 65 ലക്ഷം രൂപയും ലാഭമാണ്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. മാറുകയാണ്. മറ്റു വരുമാന മേഖലകളിലും വലിയ വർദ്ധനവാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ബസിൽ പതിപ്പിക്കുന്ന പരസ്യങ്ങളുടെ കാര്യത്തിൽ കേസുകൾ നിലവിലുണ്ട്. അത് കൂടി

അനുകൂലമായൽ ആ രീതിയിലും കോടിക്കണക്കിന് രൂപയുടെ വരുമാനം നേടാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. കോഴിക്കോട് ബസ് ടെർമിനലിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.-യോട് ബിൽഡിംഗ് സ്ട്രെങ്ത് പരിശോധിക്കാൻ ഒരു ടീമിനെ നിയോഗിക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. അതിനാൽ, ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽനിന്നുള്ള വിദഗ്ദ്ധ സംഘത്തെ ഞങ്ങൾ ഒരുക്കി. ഇവർ നടത്തിയ പഠനത്തിനുശേഷം, ടെർമിനലിന്റെ സ്ട്രെങ്ത് പരിശോധിച്ചതിൽ പ്രശ്നമൊന്നുമില്ല. ഞാൻ അത് നേരിട്ടുപോയി കണ്ടതാണ്. പക്ഷെ അതിൽ എന്തോ ഒരു കള്ളത്തരമുണ്ടെന്നാണ് എനിക്ക് മനസ്സിലായത്. വാർത്തിരിക്കുന്ന തട്ടുകളിൽ ചെറിയ വളവുകൾ ഉണ്ട്. അത് പൊളിച്ചു വാർത്താൽ മതിയാകും. ചോർച്ചയുണ്ടെന്ന് പറയുന്നത് ശരിയല്ല. രണ്ട് ബ്ലോക്കായാണ് ഈ കെട്ടിടം പണിതിരിക്കുന്നത്. അതിന്റെ ഇടയിലൂടെ മഴവെള്ളം ഇറങ്ങുന്നുണ്ട്. ആ ഗ്യാപ്പ് ഫിൽ ചെയ്തിട്ടില്ല. അതിനാൽ വെള്ളം ഇറങ്ങുന്നത് കാണുമ്പോൾ ചോർച്ചയാണെന്ന്

തോന്നുന്നതാണ്. ഒരു ദിവസം 200-300 ബസുകൾ കെട്ടിടത്തിന്റെ മുകളിലേക്ക് കയറി ഇറങ്ങുമ്പോൾ കെട്ടിടത്തിന് അനക്കമൊന്നുമില്ല, അപ്പോൾ എവിടെയാണ് കുഴപ്പം? ആരോ അങ്ങനെ പ്രചരിപ്പിച്ചതാണെന്നാണ് എന്റെ വ്യക്തിപരമായ വിശ്വാസം. ഞാനത് ഉറപ്പിച്ച് പറയുന്നില്ല. അത് കണ്ടിട്ട് എനിക്ക് തോന്നിയ കാര്യമാണിത്. ഇതിനെപ്പറ്റി പഠിക്കാൻ എഞ്ചിനീയറിംഗ് കോളേജിൽനിന്നുള്ള വിദഗ്ദ്ധ സംഘത്തെ ഏർപ്പെടുത്തിയിരിക്കുകയാണ്. അവരുടെ പഠന റിപ്പോർട്ട് ഉടനെ ലഭിക്കും. അത് ലഭിച്ചാലുടൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിലത് സമർപ്പിക്കുകയും അത് തുറക്കാനുള്ള പരമാവധി ശ്രമങ്ങൾ നടത്തും. അവിടെ ഈ പറയുന്നപോലെയുള്ള കുഴപ്പമുള്ളതായി വ്യക്തിപരമായി എനിക്ക് തോന്നിയില്ല.

ശ്രീ. പി. നന്ദകുമാർ: സർ, ശ്രദ്ധേയമായ നേട്ടങ്ങളാണ് കെ.എസ്.ആർ.ടി.സി. നടത്തിയിട്ടുള്ളത്. നഷ്ടത്തിലോടുന്ന റൂട്ടുകൾ ലാഭത്തിലാക്കാനും സമയനിഷ്ഠ പാലിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നഷ്ടത്തിൽ പലപ്പോഴും ഓടിയിരുന്നതിന്റെ രഹസ്യം പരസ്യമായി പറയാം. പ്രൈവറ്റ് ബസിന്റെ മുന്നിൽക്കയറി ഓട്ടുന്നൊരു സ്വഭാവമുണ്ടായിരുന്നു. പ്രൈവറ്റ് ബസുകൾ പലപ്പോഴും പുതിയ ബസുകളായിരിക്കും. അവർ മൽസരിച്ച് ഓടാനും തയ്യാറാണ്. നമ്മുടെ ഡ്രൈവർമാർ മൽസരിച്ച് ഓടാൻ തയ്യാറല്ല, മൽസരിച്ച് ഓടിയാൽ അപകടമുണ്ടാകും. ഞാൻ മന്ത്രിയായി ചുമതലയേറ്റപ്പോൾ പ്രൈവറ്റ് ബസിന്റെ തലയ്ക്കലോടുന്ന പരിപാടി നിർത്താമെന്ന തീരുമാനമെടുത്തു. അവരെ സംബന്ധിച്ച് ഇതൊരു ബിസിനസാണ്, അവർ ടാക്സ് അടയ്ക്കുന്നവരാണ്, അവരത് നടത്തട്ടെ. നമ്മൾ എക്സ്ക്ലൂസിവായ സ്ഥലങ്ങളിൽ ഏറ്റവും പാവപ്പെട്ടവരും സാധാരണക്കാരും താമസിക്കുന്ന മലയോര മേഖലകളിലടക്കം പുതിയ ചെറിയ ബസുകൾ വാങ്ങി ഓടിക്കാൻ തുടങ്ങിയപ്പോൾ അവിടെ കളക്ഷൻ വർദ്ധിച്ചു. ഇത്തരത്തിലൊരു unhealthy competition-ലേക്ക് പോകേണ്ടെന്ന തീരുമാനമാണ് ഇത്തരത്തിൽ കളക്ഷൻ വർദ്ധിച്ചതിന്റെ രഹസ്യം. അവരും പൈസയുണ്ടാക്കുന്നു നമ്മളൊരു സൈഡിൽക്കൂടി മുന്നേറുന്നു. നമുക്ക് നാഷണലൈസ് ചെയ്ത റൂട്ടുകളുണ്ട്. ഒരു

പ്രൈവറ്റ് ബസോ കെ.എസ്.ആർ.ടി.സി. ബസോ ഒന്നും പോകാതെ ബുദ്ധിമുട്ടുന്ന റൂട്ടുകളിലേക്ക് നമ്മൾ ഷിഫ്റ്റായി. കുറേ ലോക്കൽ റൂട്ടുകൾ അങ്ങോട്ട് ഷിഫ്റ്റായപ്പോൾ ലോക്കൽ ബസുകളിൽ നമുക്ക് നല്ല കളക്ഷൻ വരുന്നുണ്ട്. അതിൽ അത്ഭുതകരമായൊരു കണക്കുണ്ട്. ഒരു ബസിന്റെ earnings per kilometre കണക്കിൽ പറയുന്നത്, 2021-ൽ ഒരു ബസ് ഒരു കിലോമീറ്റർ ഓടുമ്പോൾ നേടിയിരുന്നത് 34.62 രൂപയായിരുന്നു. 2022-ൽ 46.84 രൂപ, 2023-ൽ 48.16 രൂപ, 2024-ൽ 48.46 രൂപ, 2025-ൽ 50.88 രൂപ, 31-01-2026 വരെ ഏകദേശം 50.81 രൂപയായി മാറി. ഈ കണക്കുകൾ earnings per kilometre-ൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ശരാശരി ആയിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ മന്ത്രി സംസാരിച്ചപ്പോൾ പ്രൈവറ്റ് ബസുകൾ സർവീസ് നടത്തുന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്താതെയിരിക്കുകയെന്നത് നയമായി പറയുന്നതായി തോന്നി. അങ്ങനെ വന്നാൽ അത് വലിയ പ്രയാസമുണ്ടാക്കും. Unhealthy Competition പാടില്ലായെന്ന് പറയുന്നത്

ശരിയാണ്. അത് ഒഴിവാക്കുന്നത് നല്ലത് തന്നെയാണ്. സാധാരണഗതിയിൽ ഇന്ന് കേരളത്തിൽ ധാരാളം പ്രൈവറ്റ് ബസുകൾ സർവീസ് നടത്തുന്ന റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. ബസുകൾ സർവീസ് നടത്തുന്നുണ്ട്. അവിടെ നിന്നെല്ലാം കെ.എസ്.ആർ.ടി.സി. ബസുകൾ പിൻവലിക്കുകയെന്ന നയം നമ്മുടെ ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കില്ല. അത്തരത്തിലേക്ക് പോയാൽ അത് വിഷമകരമായി മാറുമെന്നതിനാലാണ് അത് വ്യക്തമാക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പ്രൈവറ്റ് ബസുകളുമായി Unhealthy Competition ഇല്ല. പ്രൈവറ്റ് ബസുള്ള എല്ലാ സ്ഥലത്തുനിന്നും മാറുന്ന പ്രശ്നമേയില്ല. പ്രൈവറ്റ് ബസ് ഓടുന്ന സ്ഥലത്തെല്ലാം നമ്മുടെ ബസുകൾ ഓടുന്നുണ്ട്. ഞാൻ പറഞ്ഞത് തീരെ ബസുകൾ ഇല്ലാത്ത സ്ഥലത്ത് നമ്മൾ ബസുകൾ ഓടിച്ചപ്പോൾ കളക്ഷൻ ലഭിച്ചു. ഇവരുമായി ലോക്കൽ ബസുകൾ മൽസരിക്കുകയാണ്. ആ മൽസരത്തിൽ നമുക്ക് പിടിച്ച് നിൽക്കാൻ പറ്റാതെ വന്നതിനാലാണ് അങ്ങനെ ഷിഫ്റ്റ് ആയത്. എല്ലാ സ്ഥലത്തുനിന്നും മാറിക്കൊടുക്കുമെന്നല്ല പറഞ്ഞതിന്റെ അർത്ഥം. അങ്ങനെ

എല്ലാ സ്ഥലത്തുനിന്നും മാറിക്കൊടുക്കില്ല. പ്രൈവറ്റ് ബസിന്റെ കുത്തകകൾ തകർത്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. മുന്നേറുന്നത്. ബാംഗ്ലൂർ പോകുന്ന നമ്മുടെ ബസുകൾക്ക് പ്രൈവറ്റ് ബസുകൾക്ക് ലഭിക്കുന്നതിനേക്കാൾ കളക്ഷനാണ് ലഭിക്കുന്നത്. നല്ല ബസുകൾ നിരത്തിലിറക്കിക്കൊണ്ട് ആ competition-ൽ നമ്മൾ മുന്നിലുണ്ട്. ദീർഘദൂര സർവീസുകൾ മുഴുവൻ നമ്മുടെ കയ്യിലാണ്. പുതിയ ചെറിയ ബസുകൾ വാങ്ങിയപ്പോൾ ഉൾപ്രദേശങ്ങളിലെല്ലാം പ്രത്യേകിച്ച് മലയോര മേഖലകളിലും ട്രൈബൽ ഏരിയകളിലും ഓടിക്കാൻ കഴിയുന്നുണ്ട്. ഒരു കാരണവശാലും പ്രൈവറ്റ് ബസുകളുടെ റൂട്ടുകളിൽനിന്ന് മാറിക്കൊടുക്കുമെന്ന് പ്രതീക്ഷിക്കണ്ട. അത് മാറില്ല.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, കെ.എസ്.ആർ.ടി.സി.-യിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതിലൂടെ ഭരണപരമായ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഒരുവിധം ഡിപ്പോകളുള്ള

സ്ഥലത്തെ എം.എൽ.എ.-മാരെല്ലാം അവരുടെ ഫണ്ട് വച്ചു. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികമില്ലാത്തതിനാൽ എം.എൽ.എ.-മാരോട് അഭ്യർത്ഥിച്ചിരുന്നു. അവരുടെ എം.എൽ.എ. ഫണ്ടുപയോഗിച്ച് മിക്കവാറും എല്ലാ എം.എൽ.എ.-മാരും ഇ-ഓഫീസ് നടപ്പാക്കാനാവശ്യമായ കംപ്യൂട്ടർ വാങ്ങി നൽകി. ഏഴ് ലക്ഷം രൂപവരെ അവർ തന്നുകഴിഞ്ഞാൽ ഇ-ഓഫീസായി മാറും. കുറച്ച് ഓഫീസുകൾ കൂടി ഇ-ഓഫീസായി മാറാനുണ്ട്. അവ ഉടൻതന്നെ കെ.എസ്.ആർ.ടി.സി. പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇ-ഓഫീസാകും. ജീവനക്കാരുടെ പെൻഷൻ ഫയൽ പോലെയുള്ള ഫയലുകൾ, റിട്ടയർമെന്റിന്റെ കാര്യങ്ങൾ, മറ്റ് പേപ്പറുകൾ എന്നിവ വേഗത്തിലാക്കാൻ സാധിക്കുമെന്നതാണ് ഇ-ഓഫിസാകുമ്പോഴുള്ള ഗുണം. കംപ്യൂട്ടർ വന്നുകഴിഞ്ഞാൽ ഒരു മിനിസ്റ്റീരിയൽ സ്റ്റാഫിന് ഒരു ദിവസം ശരാശരി മാക്സിമം ഒരു മണിക്കൂറിൽ കൂടുതൽ ജോലി ഉണ്ടാകില്ല. ഇപ്പോൾ ഇ-ഓഫീസ് നിലവിൽ വന്ന സ്ഥലങ്ങളിലെ സ്ഥിതി അതാണ്. അതിനാൽ എല്ലാ ഓഫീസുകളും ഇ-ഓഫീസാക്കി മാറ്റും. രണ്ടാഴ്ചയ്ക്കുള്ളിൽ എല്ലാ ഓഫീസുകളും ഇ-ഓഫീസായി മാറും.

ശ്രീ. തോമസ് കെ. തോമസ്: സർ, അങ്ങ് ഏറ്റെടുത്തതിനുശേഷം വളരെ ഭംഗിയായും നല്ല രീതിയിലുമാണ് ഈ വകുപ്പ് പോകുന്നത്. അക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുന്നു. കഴിഞ്ഞ ദിവസം വികസന ജാഥ നടന്നപ്പോൾ ഞാൻ തലവടി ചക്കുളത്തുകാവിന്റെ മുന്നിലെത്തിയപ്പോൾ അവിടത്തെ ആളുകൾ പറഞ്ഞ പരാതി പ്രകാരം ആലപ്പുഴയിൽനിന്നും മുട്ടാർ വഴി ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തിയിരുന്നു. ചങ്ങനാശ്ശേരി വഴിയുള്ള ബസ് സർവീസ് നടത്തുന്നുണ്ടെങ്കിലും പ്രസ്തുത ബസ് നിർത്തിയിരിക്കുകയാണ്. അടിയന്തരമായി പ്രസ്തുത സർവീസ് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, വളരെ പ്രധാനപ്പെട്ടൊരു ഡിപ്പോയാണ് പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ. അതിന്റെ വികസനവുമായി ബന്ധപ്പെട്ടും കൂടുതൽ സർവീസ് ആരംഭിക്കുന്ന വിഷയത്തിലുമൊക്കെ അങ്ങ് കാണിച്ച താൽപര്യത്തെ ഞാൻ എടുത്ത്

പറയുകയാണ്. അഞ്ച് കോടി രൂപയാണ് ഡിപ്പോയുടെ വികസനവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വളരെ പ്രധാനപ്പെട്ടൊരു ഡിപ്പോയാണ് പുനലൂർ ഡിപ്പോ. എല്ലാ കാലത്തും നഷ്ടത്തിൽ പോയിരുന്ന ഡിപ്പോയാണ്. എന്നാൽ, ഇപ്പോൾ ലാഭത്തിലാണ്. പുനലൂരിൽ മാത്രമല്ല അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ആര്യങ്കാവും കുളത്തൂപ്പുഴയുമടക്കം മൂന്ന് ഡിപ്പോകളാണുള്ളത്. ഈ മൂന്ന് ഡിപ്പോകളും ഇപ്പോൾ ലാഭത്തിലാണ് പോകുന്നത്. വളരെയധികം പരാതികളുള്ള സ്ഥലമായിരുന്നു പുനലൂർ ഡിപ്പോ. ഇപ്പോൾ Efficiency വർദ്ധിക്കുകയും പരാതികൾ കുറയുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ആവശ്യപ്പെട്ട പരമാവധി വാഹനങ്ങൾ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസം പ്രസ്തുത ഡിപ്പോയിൽനിന്ന് ശിവഗിരി ആശ്രമത്തിലേക്കും വർക്കല ക്ഷേത്രത്തിലേക്കുമായി ഒരു ബസ് റൂട്ട് ആരംഭിച്ചു. അത്തരത്തിൽ എല്ലാ റൂട്ടുകളിലേക്കും അവിടെ നിന്ന് നല്ല

രീതിയിൽ ബസുകൾ ഓടുന്നുണ്ട്. ബസ് സ്റ്റാന്റിനുവേണ്ടി അദ്ദേഹം പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ, പി.ഡബ്ല്യൂ.ഡി.-യാണ് കൺസ്ട്രക്ഷൻ നടത്തേണ്ടത്. ഇപ്പോൾ നമ്മുടെ മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ നേരത്തെ പണം തന്ന പല എം.എൽ.എ.-മാർക്കും ഡിസൈൻ വരുന്നില്ല. കാരണം അവർക്ക് പരിമിതികളുണ്ട്. ധാരാളം ബസ് സ്റ്റാന്റുകൾ പണിയുകയാണ്. കായംകുളം വരുന്നു, തൃശ്ശൂർ വരുന്നു. ഇവയെല്ലാം പണിയാനുള്ളതിനാൽ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്ക് വലിയ തിരക്കാണ്. അവരോട് ഇക്കാര്യം നിർബന്ധിക്കുന്നുണ്ട്. ഇതിന്റെ കൂടി പ്ലാൻ വരച്ച് പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തര വേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)